**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1216** **18-09-2025 - ൽ മറുപടിയ്ക്ക്**

**കായിക വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ കായിക വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | 2022-23 സാമ്പത്തിക വർഷത്തിൽ ദേവികുളം നിയോജക മണ്ഡലത്തിൽ എം.എൽ.എ ആസ്തി വികസന ഫണ്ട് വിഹിതമുപയോഗിച്ച് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിവാസൽ ഗ്രാമപഞ്ചായത്ത് കളിസ്ഥല നിർമ്മാണ പ്രവൃത്തിയ്ക്ക് ഇടുക്കി ജില്ലാ കളക്ടറിൽ നിന്നും 27.08.2024 ലെ നം. ഡി3-3834/2022-23/ എൽ.എ.സി-എ.ഡി.എസ് പ്രകാരം എം.എൽ.എ ഫണ്ടിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയും കായിക യുവജനകാര്യാലയത്തിലെ പ്ലാൻ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ കൂടി ചേർത്ത് 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി 27.09.2024-ൽ നൽകിയിട്ടുണ്ട്. ആയത് പ്രകാരം 07.10.2024 തീയതിയിൽ 93,89,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും തുടർന്ന് 76,46,271/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) ടെണ്ടർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ എസ്റ്റിമേറ്റ് റേറ്റിന് 5.20% കുറവ് രേഖപ്പെടുത്തിയ ശ്രീ. മനു മോഹൻ, തളികയിൽ ഹൗസ്, കല്ലാർകുട്ടി പി.ഒ., പൊളിഞ്ഞപാലം, പിൻ - 685562 എന്ന കരാറുകാരനുമായി 29.11.2024 ന് 72,48,603/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) എഗ്രിമെന്റിൽ ഏർപ്പെടുകയും ഗ്യാലറി യുടെ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. മഴ കാരണം പ്രവൃത്തി നിർത്തി വയ്ക്കേണ്ട സാഹചര്യമുണ്ടായി. എന്നാൽ 07.09.2025 മുതൽ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 23% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസീകവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പ്, |

| | | | |
|---|---|---|---|
| | | | SCERT, NGGFn (നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻസ് ഫൗണ്ടേഷൻ) എന്നിവയുമായി സഹകരിച്ച് സ്പോർട്സ് കേരള ഫൌണ്ടേഷൻ മുഖേന കായിക യുവജന കാര്യാലയം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഹെൽത്തി കിഡ്സ് പദ്ധതി ദേവികുളം നിയോജകമണ്ഡലത്തിലെ ഗവ.എൽ.പി.എസി -ൽ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ